പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T2598

18.06.2014 ലെ മറുപടിയ്ക്ക്

സീപ്ലെയിൻ പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കകൾ

| ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | കേരളത്തിൽ സീപ്ലെയിൻ പദ്ധതിയുമായി ബന്ധപ്പെട്ട് തീരദേശത്തും മറ്റുമായി ഉണ്ടാകാനിടയുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ശാസ്ത്രീയപഠനം നടത്തിയിട്ടുണ്ടോ; | എ യും ബി യും | സംസ്ഥാന പരിസ്ഥിതി വകുപ്പിന്റെ 10.10.2012 ലെ 2134/ബി1/2012/Envt എന്ന കത്ത് പ്രകാരം സ്ഥിരമോ താൽക്കാലികമോ ആയ ഒരു നിർമ്മാണ പ്രവർത്തനവുമില്ലാത്തതിനാൽ പരിസ്ഥിതി ആഘാത പഠനം ആവശ്യമില്ല എന്ന് അറിയിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ ഏത് സാങ്കേതിക വിദഗ്ധ ഏജൻസി മുഖാന്തരമാണ് നടത്തിയിട്ടുള്ളതെന്നുള്ള വിവരം പഠനവിശദാംശങ്ങൾ സഹിതം അറിയിക്കുമോ; | | |
| സി) | മത്സ്യത്തൊഴിലാളികളുടെ ആശങ്ക പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നിലവിൽ എടുത്തിട്ടുള്ളത് എന്നറിയിക്കുമോ; | സി) | മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ ദൂരീകരിക്കുന്നതിനായി ടൂറിസം, ഫിഷറീസ് മന്ത്രിമാരുടെ നേതൃത്വത്തിൽ മത്സ്യബന്ധന രംഗത്തെ വിവിധ സംഘടനകളുടെ പ്രതിനിധികൾ, ഉദ്യോഗസ്ഥർ മുതലായവരെ പങ്കെടുപ്പിച്ചു കൊണ്ട് 22.5.2013 നും 23.7.2013 നുമായി രണ്ട് യോഗങ്ങൾ ചേരുകയുണ്ടായി. യോഗത്തിൽ പങ്കെടുത്ത പ്രതിനിധികളുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ 17.8.2013 ലെ സ.ഉ.(സാധാ)നം.6728/2013/ടൂറിസം നം. ഉത്തരവ് |

| | | | |
|---|---|---|---|
| | | | പ്രകാരം ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടോ എന്ന് പഠിക്കുന്നതിനായി മത്സ്യത്തൊഴിലാളി സംഘടനാ പ്രതിനിധികൾ നിർദ്ദേശിച്ച അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിക്കുയുണ്ടായി. ഈ സമിതി ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തുകയും ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) | സീപ്ലെയിൻ ഓപ്പറേഷൻ ഗ്ലോബൽ ടെൻഡറിംഗിലൂടെ നടപ്പാക്കുന്നതിന് നിലവിൽ ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക തടസ്സമുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | ഡി) | സംസ്ഥാന സർക്കാർ 'ഓപ്പൺ സ്കൈ പോളിസി'യാണ് ഈ പദ്ധതിക്കായി സ്വീകരിച്ചിരിക്കുന്നത്. അതിനാൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ നിയമ പ്രകാരമുള്ള യോഗ്യതകളും അനുമതികളും ലഭ്യമായിട്ടുള്ള എല്ലാ ഏജൻസികൾക്കും പ്രവർത്തനം നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ